एचएलएल लाइफ़केयर लिमिटेड
(भारत सरकार का उद्यम)
(पूर्व हिंदुस्तान लैटेक्स लिमिटेड)

HLL Lifecare Limited
(A Government of India Enterprise)
(formerly Hindustan Latex Limited)

പത്രക്കുറിപ്പ് 15.10.2016

# എച്ച്എൽഎൽ 'പ്രതീക്ഷാ' പദ്ധതി: നിർദ്ധന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

തിരുവനന്തപുരം: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുത്തിട്ടുള്ള സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി എച്ച്എൽഎൽ പ്രതീക്ഷാ ചാരിറ്റബിൾ സൊസൈറ്റിയിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. 2016–17 അധ്യയന വർഷത്തിൽ മെഡിക്കൽ, എൻജിനീയറിംഗ്, നഴ്സിംഗ്, ബി ഫാം, ഡിപ്ലോമ, ഐടിഐ കോഴ്സുകളിൽ പ്രവേശനം നേടിയ ബിപിൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. കേരളത്തിലെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ ആദ്യ വർഷ വിദ്യാർത്ഥിയായിരിക്കണം അപേക്ഷകർ. തിരുവനന്തപുരം സ്വദേശികൾക്ക് മുൻഗണ നൽകും.

എംബിബിഎസിന് 30,000 രൂപയും എൻജിനീയറിംഗ്, ബി ഫാം എന്നീ കോഴ്സുകളിലേക്ക് 20,000 രൂപയും പ്രതിവർഷം ലഭിക്കും. നഴ്സിംഗ്, ഡിപ്ലോമ കോഴ്സുകൾ പഠിക്കുന്നവർക്ക് 10,000 രൂപ വീതവും ഐടിഐ വിദ്യാർഥികൾക്ക് 5000 രൂപ വീതവുമാണ് വാർഷിക സ്കോളർഷിപ്പായി ലഭിക്കുക.

പഠനനിലവാരത്തിന്റെയും സാമ്പത്തിക പശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും അഞ്ചു കുട്ടികളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കും. ഈ വിദ്യാർഥികൾ തുടർന്നും സ്കോളർഷിപ്പ് ലഭിക്കുന്നതിന് ഓരോ വർഷത്തേയും പഠനനിലവാരം തെളിയിക്കുന്ന രേഖകൾ സമർപ്പിക്കണം. പദ്ധതിയുടെ മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുകയാണെങ്കിൽ കോഴ്സ് പൂർത്തീകരിക്കുന്നതുവരെ സ്കോളർഷിപ്പ് ലഭിക്കും. പുതുതായി 30 വിദ്യാർത്ഥികൾക്കാണ് ഈ വർഷം സ്കോളർഷിപ്പ് നൽകുക. 7.85 ലക്ഷം രൂപയുടെ സ്കോളർഷിപ്പാണ് 2015ൽ നൽകിയത്.

അപേക്ഷാ ഫോം www.lifecarehll.com വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടാതെ എച്ച്എൽഎൽ ഓഫീസുകളിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ വരുമാന സർട്ടിഫിക്കറ്റ്, പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അസോസിയേറ്റ് വൈസ് പ്രസിഡന്റ് (എച്ച്ആർ), എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്, കോർപ്പറേറ്റ് ആൻഡ് രജിസ്റ്റേർഡ് ഓഫീസ്, എച്ച്എൽഎൽ ഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ നവംബർ 10നു മുൻപ് അയയ്ക്കണം.

ജീവനക്കാരുടെ സംഭാവനകളിലൂടേയും എച്ച്എൽഎല്ലിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നുള്ള വിഹിതത്തിലൂടെയുമാണ് പ്രതീക്ഷാ ചാരിറ്റബിൾ സൊസൈറ്റിക്കായി ധനം കണ്ടെത്തുന്നത്.